| 06–04–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ – മായക്ക് പ്രഹരിക്കുന്നതിന് അവസരം ലഭിക്കുന്ന തരത്തിലുള്ള ഒരു തെറ്റും ചെയ്യരുത്, അഥവാ ശ്രീമതത്തിലൂടെ നടക്കുന്നില്ലെങ്കിൽ മായ പ്രഹരിച്ച് മുഖം തിരിപ്പിക്കും**

**ചോദ്യം:–** സൂര്യവംശീ രാജധാനിയിൽ *എയർകണ്ടീഷൻ ടിക്കറ്റ്* നേടുന്നതിന്റെ ആധാരം എന്താണ്, അത് ആർക്കാണ് പ്രാപ്തമാകുന്നത്?

**ഉത്തരം:–** സൂര്യവംശീ രാജധാനിയിൽ എയർകണ്ടീഷൻ ടിക്കറ്റ് നേടുന്നതിന് വേണ്ടി ഓരോ ചുവടും ശ്രീമതത്തിലൂടെ നടക്കേണ്ടതായുണ്ട്. തന്റേതെല്ലാം ബാബയിൽ സമർപ്പണം ചെയ്യേണ്ടതായുണ്ട്. ആരാണോ പൂർണ്ണമായും സമർപ്പണമാകുന്നത് അവരാണ് ധനവാനാകുന്നത്. സൂര്യവംശീ രാജധാനി തന്നെ *എയർകണ്ടീഷനാണ്*. സൂര്യവംശീ പദവി പ്രാപ്തമാക്കുക എന്നത് തന്നെയാണ് നിങ്ങളുടെ ലക്ഷ്യം. ബാക്കി സംഖ്യാക്രമമനുസരിച്ചുള്ള പദവികൾ തീർച്ചയായും ഉണ്ട്.

**ഗീതം:–** അവർ വളരെ ഭാഗ്യശാലികളാണ്. . . .

**ഓം ശാന്തി**. ഈ ഗീതത്തിന്റെ അർത്ഥം നിങ്ങൾ ബ്രാഹ്മണ കുലഭൂഷണരായ കുട്ടികൾക്ക് മാത്രമേ അറിയൂ. ഇപ്പോൾ നിങ്ങൾ കുട്ടികൾ ബ്രാഹ്മണ സമ്പ്രദായികളാണ് പിന്നീട് ദൈവീക സമ്പ്രദായികളാകും. കുട്ടികൾക്ക് ബാബയിരുന്ന് മനസ്സിലാക്കി തരുന്നു, ബാബ സന്മുഖത്തുണ്ടെന്നതിനാൽ പരിധിയില്ലാത്ത സമ്പത്തും ലഭിക്കുന്നു അപ്പോൾ പിന്നെ മറ്റെന്താണ് വേണ്ടത്. ഭക്തി മാർഗ്ഗം എപ്പോൾ മുതലാണ് ആരംഭിച്ചത്! ഇതാർക്കും തന്നെ അറിയില്ല. ഭക്തി മാർഗ്ഗത്തിലുള്ള ഭക്തർ ഭഗവാനെ അഥവാ വധുക്കൾ വരനെ ഓർമ്മിക്കുന്നു. എന്നാൽ അദ്ഭുതം ഇതാണ് – ബാബയെ അറിയുന്നതേയില്ല. ഇങ്ങനെ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? പ്രിയതമയ്ക്ക് പ്രിയതമനെ അറിയില്ലെങ്കിൽ എങ്ങനെ ഓർമ്മിക്കാൻ സാധിക്കും? ഭഗവാൻ എല്ലാവരുടെയും പിതാവാണ്. കുട്ടികൾ അച്ഛനെ ഓർമ്മിക്കുന്നു എന്നാൽ ആരാണെന്ന് അറിയാതെ ഓർമ്മിക്കുന്നത് പൂർണ്ണമായും വ്യർത്ഥമാണ് അതുകൊണ്ട് ഓർമ്മിക്കുന്നതിലൂടെ യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ല. ഓർമ്മിച്ചോർമ്മിച്ച് ആരും തന്നെ ആ ലക്ഷ്യത്തെ പ്രാപിക്കുന്നില്ല. ഭഗവാൻ ആരാണ്, ഭഗവാനിൽ നിന്ന് എന്താണ് ലഭിക്കുക, ഒന്നും തന്നെ അറിയില്ല. ഇതിൽ എല്ലാ ധർമ്മങ്ങളുമുണ്ട്. ക്രിസ്തു, ബുദ്ധൻ തുടങ്ങി ധർമ്മം സ്ഥാപിക്കുന്നവരെ അവരുടെ പിൻഗാമികൾ ഓർമ്മിക്കുന്നുണ്ട് എന്നാൽ അവരെ ഓർമ്മിക്കുന്നതിലൂടെ നമുക്കെന്താണ് ലഭിക്കേണ്ടത്! ഒന്നും തന്നെ അറിയില്ല. ഇതിലും നല്ലത് ഭൗതീക പഠനമാണ്. ലക്ഷ്യം ബുദ്ധിയിൽ ഉണ്ടായിരിക്കില്ലേ. അച്ഛനിൽ നിന്ന് എന്താണ് ലഭിക്കാനുള്ളത്,*ടീച്ചറിൽ* നിന്ന് എന്താണ് ലഭിക്കാനുള്ളത് – അത് മനസ്സിലാക്കാൻ സാധിക്കും. ഗുരുവിൽ നിന്ന് എന്താണ് ലഭിക്കുന്നത് – ഇതാർക്കും മനസ്സിലാക്കാൻ സാധിക്കുന്നില്ല. നമ്മൾ ബാബയുടേതായിരിക്കുന്നു എന്ന് ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് നിശ്ചയം വന്നിരിക്കുന്നു. ബാബ അയ്യായിരം വർഷങ്ങൾക്ക് മുൻപത്തേത് പോലെ വന്ന് നമ്മളെ സ്വർഗ്ഗത്തിന്റെ അധികാരികളാക്കുന്നു അഥവാ ശാന്തിധാമത്തിന്റെ അധികാരികളാക്കുന്നു. ബാബ പറയുന്നു, ഓമനകളായ മക്കളേ നിങ്ങൾ എന്നിൽ നിന്ന് സമ്പത്ത് നേടില്ലേ. തീർച്ചയായും ബാബാ, എന്തുകൊണ്ട് ഇല്ല എന്ന് എല്ലാവരും പറയുന്നുണ്ട്. ശരി ചന്ദ്രവംശീ രാമന്റെ പദവി നേടുന്നതിൽ തൃപ്തരാകുമോ? നിങ്ങൾക്ക് എന്താണ് വേണ്ടത്? ബാബ ഉപഹാരവുമായി വന്നിരിക്കുകയാണ്. നിങ്ങൾ സൂര്യവംശീ ലക്ഷ്മിയെ വരിക്കുമോ അതോ ചന്ദ്രവംശീ സീതയെ വരിക്കുമോ? രാമന്റെ പൂജാരികൾ കൃഷ്ണന്റെ പേര് കേൾക്കാൻ ആഗ്രഹിക്കുന്നില്ല. രാമനെ ത്രേതായിലേക്കും കൃഷ്ണനെ ദ്വാപരത്തിലേക്കും കൊണ്ട് പോയിരിക്കുന്നു. അവർ കുതുന്നത് രാമനാണ് വലുത് എന്നാണ്. ഇത് അവർ തമ്മിൽ വഴക്കിനിടയാക്കുന്നു. ചെറിയ കുട്ടികൾ വഴക്കുണ്ടാക്കുന്നതുപോലെ.

ബാബയിരുന്ന് മനസ്സിലാക്കി തരുന്നു – ഏതുപോലെയാണോ കൽപം മുൻപും മനസ്സിലാക്കി തന്നിട്ടുണ്ടായിരുന്നത് അതുപോലെ തന്നെ വീണ്ടും മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ വീണ്ടും വന്ന് സമ്പത്തെടുത്തുകൊണ്ടിരിക്കുന്നു. നിങ്ങളുടെ ലക്ഷ്യം തന്നെ പരിധിയില്ലാത്ത സമ്പത്ത് എടുക്കുക എന്നതാണ്. അതാണ് സൂര്യവംശീ രാജ പദവി. *സെക്കന്റ് ഗ്രേഡാണ്* ചന്ദ്രവംശി. *എയർകണ്ടീഷനെക്കാളും* ഉയർന്നതായി ഒന്നും ഇല്ല. *എയർകണ്ടീഷൻ, ഫസ്റ്റ്ക്ലാസ്സ്, സെക്കന്റ് ക്ലാസ്സ്* എന്നിങ്ങനെ വിഭാഗങ്ങളുണ്ടല്ലോ. അപ്പോൾ സത്യയുഗത്തിന്റെ മുഴുവൻ രാജധാനിയും *എയർകണ്ടീഷനാണെന്ന്* മനസ്സിലാക്കൂ, പിന്നെയാണ് ഫസ്റ്റ് ക്ലാസ്സ്. ഇനി ബാബ ചോദിക്കുന്നു നിങ്ങൾ *എയർകണ്ടീഷനായ* സൂര്യവംശീ രാജ്യം നേടുമോ അതോ *ഫസ്റ്റ്ക്ലാസ്സായ* ചന്ദ്രവംശിയുടേതോ? അതിലും കുറഞ്ഞതാണെങ്കിൽ പിന്നീട് *സെക്കന്റ്ക്ലാസ്സിൽ*

സംഖ്യാക്രമമനുസരിച്ചുള്ള അവകാശിയാകൂ പിന്നെ നിങ്ങൾ ഏറ്റവും അവസാനം വന്ന് രാജ്യം നേടും. അല്ലെങ്കിൽ *തേർഡ്ക്ലാസ്സ്* പ്രജ. പിന്നീട് അതിലും *ടിക്കറ്റ് റിസർവേഷനുണ്ട്. ഫസ്റ്റ് ക്ലാസ്സ് റിസർവേഷൻ, സെക്കന്റ്ക്ലാസ്സ് റിസർവേഷൻ.* സംഖ്യാക്രമത്തിലുള്ള *ക്ലാസ്സുകൾ* ഉണ്ടായിരിക്കുമല്ലോ. അവിടെ എല്ലായിടത്തും സുഖം തന്നെയാണ്. ബാക്കി *കമ്പാർട്ട്മെന്റ്* വ്യത്യസ്തമല്ലേ. ധനവാനായ വ്യക്തി *എയർകണ്ടീഷൻ ടിക്കറ്റാണ്* എടുക്കുക. നിങ്ങളിൽ ആരാണ് ധനവാനാകുന്നത്? ആരാണോ എല്ലാം ബാബയ്ക്ക് നൽകുന്നത്. ബാബാ ഇതെല്ലാം അങ്ങയുടേതാണ്. ഭാരതത്തിൽ തന്നെയാണ് മഹിമ പാടിയിട്ടുള്ളത് വ്യാപാരി, രത്നാകരൻ, മായാജാലക്കാരൻ..... ഇത് ബാബയുടെ മഹിമയാണ്, അല്ലാതെ കൃഷ്ണന്റേതല്ല. കൃഷ്ണൻ സമ്പത്തെടുക്കുകയാണ് ചെയ്തത്. സത്യയുഗത്തിൽ പ്രാലബ്ധം നേടി. കൃഷ്ണനും ബാബയുടെ രചനയാണ്. പ്രാലബ്ധം എവിടെ നിന്നെങ്കിലും നേടിയതായിരിക്കില്ലേ. ലക്ഷ്മീ-നാരായണൻ സത്യയുഗത്തിൽ പ്രാലബ്ധം അനുഭവിക്കുകയാണ് ചെയ്യുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് നല്ല രീതിയിൽ അറിയാം തീർച്ചയായും അവർ ഭൂതകാലത്തിൽ പ്രാലബ്ധം ഉണ്ടാക്കിയിരിക്കില്ലേ. ഭാരതത്തിന് വളരെയധികം മഹിമയുണ്ട്, ഭാരതം പോലെ ഉയർന്ന ദേശം മറ്റൊന്നുണ്ടാകുകയില്ല. ഭാരതം തന്നെയാണ് പരംപിതാ പരമാത്മാവിന്റെ ജന്മസ്ഥാനം. ഈ രഹസ്യം ആരുടെയും ബുദ്ധിയിൽ ഇരിക്കുന്നില്ല. പരമാത്മാവ് തന്നെയാണ് അരകൽപത്തേക്ക് എല്ലാവർക്കും സുഖവും ശാന്തിയും നൽകുന്നത്. ഭാരതം *നമ്പർവൺ* തീർത്ഥ സ്ഥാനമാണ്. എന്നാൽ ഗീതയിൽ കൃഷ്ണന്റെ പേരെഴുതി വെച്ചു, അതുകൊണ്ട് പദവി കുറഞ്ഞ് പോയിരിക്കുന്നു. അല്ലെങ്കിൽ എല്ലാ മനുഷ്യരും ആ ബാബയെ മാത്രമാണ് അംഗീകരിക്കുക മറ്റാരിലും തന്നെ പുഷ്പങ്ങൾ അർപ്പിക്കില്ല. സർവ്വരുടെയും പതിത-പാവൻ ബാബയാണ്, ആ ബാബയുടേതാണ് സോമനാഥ ക്ഷേത്രം. ശിവന്റെയടുത്ത് വന്ന് തന്നെയാണ് എല്ലാവരും തലകുനിക്കുന്നത്. എന്നാൽ *ഡ്രാമയനുസരിച്ച്* ഒരു ബാബയെ മറക്കുന്നതിലൂടെ സൃഷ്ടിയുടെ അവസ്ഥ എന്തായി മാറുന്നു, അതുകൊണ്ടാണ് ശിവബാബ വരുന്നത്. ആരെങ്കിലും നിമിത്തമാകില്ലേ. ഇപ്പോൾ ബാബ പറയുന്നു അശരീരിയായി ഭവിക്കൂ. സ്വയത്തെ ആത്മാവെന്ന് നിശ്ചയിക്കൂ. ഞാൻ ആത്മാവ് ആരുടെ സന്താനമാണ്, ഇതാരും അറിയുന്നില്ല. അദ്ഭുതമല്ലേ. അല്ലയോ *ഗോഡ് ഫാദർ* ദയ കാണിക്കൂ എന്ന് പറയുന്നുമുണ്ട്. ശിവജയന്തിയും ആഘോഷിക്കുന്നുണ്ട് എന്നാൽ എപ്പോഴാണ് വന്നിരുന്നത്, ഇതാർക്കും തന്നെ അറിയില്ല. ഇത് അയ്യായിരം വർഷത്തിന്റെ കാര്യമാണ്, ബാബ തന്നെയാണ് വന്ന് പുതിയ ലോകം സത്യയുഗം സ്ഥാപിക്കുന്നത്. സത്യയുഗത്തിന്റെ ആയുസ്സ് ലക്ഷം വർഷങ്ങളില്ല.

ബാബ കുട്ടികൾക്ക് എത്ര സഹജമാക്കിയാണ് മനസ്സിലാക്കി തരുന്നത് - കേവലം ഓർമ്മിക്കൂ, ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും കമല പുഷ്പ സമാനമാകൂ. വിഷ്ണുവിന് തന്നെയാണ് എല്ലാ അലങ്കാരങ്ങളും നൽകിയിരിക്കുന്നത്. ശംഖും നൽകിയിട്ടുണ്ട്, കമല പുഷ്പവും നൽകിയിട്ടുണ്ട്. വാസ്തവത്തിൽ ദേവതകൾക്ക് ഈ അലങ്കാരങ്ങൾ ഒരിക്കലും നൽകില്ല. ഇതെത്ര രഹസ്യവും ഗംഭീരവുമായ കാര്യങ്ങളാണ്. ബ്രാഹ്മണരുടെ അലങ്കാരങ്ങളാണ് എന്നാൽ ബ്രാഹ്മണർക്ക് എങ്ങനെ നൽകും. ഇന്ന് ബ്രാഹ്മണനാണ്, നാളെ ശൂദ്രനായി മാറുന്നു. ബ്രഹ്മാകുമാരനിൽ നിന്ന് ശൂദ്രകുമാരനായി മാറുന്നു. മായ സമയമെടുക്കുന്നില്ല. അഥവാ എന്തെങ്കിലും തെറ്റ് ചെയ്തു, ബാബയുടെ ശ്രീമതത്തിലൂടെ നടന്നില്ല, ബുദ്ധി മോശമായി എങ്കിൽ മായ നന്നായി ചാട്ടകൊണ്ടടിച്ച് മുഖം തിരിപ്പിക്കുന്നു. മനുഷ്യർ ക്രോധത്തിൽ വരുമ്പോൾ - അടിച്ച് മുഖം തിരിക്കുമെന്ന് പറയാറില്ലേ. മായയും ഇങ്ങനെ തന്നെയാണ്. ബാബയെ മറന്നു, മായ ഒരു *സെക്കന്റിൽ* അടിച്ച് മുഖം തിരിക്കുന്നു. ഏതുപോലെയാണോ ഒരു *സെക്കന്റിൽ* ജീവൻമുക്തി നേടുന്നത്, അതുപോലെ ഒരു *സെക്കന്റിൽ* ജീവൻമുക്തി നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. എത്ര നല്ല-നല്ല കുട്ടികളെയാണ് മായ പിടിച്ചുകൊണ്ട് പോകുന്നത്. ഇവർ എവിടെയെങ്കിലും തെറ്റ് ചെയ്യുന്നുണ്ടോ എന്ന് നോക്കുന്നു പിന്നീട് ക്ഷണത്തിൽ അടിക്കുകയും ചെയ്യുന്നു. ബാബ കുട്ടികളുടെ മുഖം പഴയ ലോകത്തിൽ നിന്ന് തിരിച്ച് പുതിയ ലോകത്തിന്റെ വശത്തേക്ക് കൊണ്ട് വരുന്നു.

ചിലരുടെ ലൗകിക പിതാവ് ദരിദ്രരായിരിക്കും, പഴയ കുടിലിലായിരിക്കും കഴിയുന്നത്, പിന്നീട് പുതിയ വീടുണ്ടാക്കുമ്പോൾ കുട്ടികളുടെ ബുദ്ധിയിൽ ഇപ്പോൾ പുതിയ വീട് തയ്യാറായിക്കൊണ്ടിരിക്കുകയാണ് നമ്മളിനി അതിലിരിക്കും എന്ന കാര്യം ഉണ്ടാകുന്നു. ഈ പഴയത് പൊളിച്ച് കളയും. നിങ്ങൾക്കും ഇപ്പോൾ ബാബ ഉള്ളം കൈയിൽ സ്വർഗ്ഗം കൊണ്ടുവന്നിരിക്കുകയാണ് അഥവാ വൈകുണ്ഠം കൊണ്ട് വന്നിരിക്കുകയാണ്. പറയുന്നു ഓമനകളായ കുട്ടികളേ........ ആത്മാക്കളോടാണ് സംസാരിക്കുന്നത്. ഈ കണ്ണുകളിലൂടെ നിങ്ങൾ കുട്ടികളെ കണ്ടുകൊണ്ടുമിരിക്കുന്നു. കാശ്മീരിൽ ധാരാളം ബ്രാഹ്മണരുണ്ട്. അവിടെ ശ്രാദ്ധ മൂട്ട് മുതലായവയും നടത്താറുണ്ട്, ബ്രാഹ്മണനിലേക്ക് ആത്മാവിനെ വിളിക്കുന്നു, ഇതിലെല്ലാം സാക്ഷാത്ക്കാരത്തിന്റെ രഹസ്യങ്ങളാണ് ഉള്ളത്. ആരിൽ നിന്നെങ്കിലും ആത്മാവ് വേർപെട്ട് വരുന്നു, അങ്ങനെയില്ല. തന്റെ മുതിർന്നവരുടെ ആത്മാവിനെ വിളിക്കുന്നു. അവർക്ക് വേണ്ടി എല്ലാം തയ്യാറാക്കി വെയ്ക്കുന്നു. ഇ

ന്ന ആളുടെ ആത്മാവ് വരുമെന്ന് കരുതുന്നു. പിന്നീട് അവരോട് ചോദിക്കുകയും ചെയ്യുന്നു, മുൻപ് ആത്മാവ് സംസാരിക്കുകയും ചെയ്തിരുന്നു. അപ്പോൾ അവരോട് ചോദിച്ചിരുന്നു താങ്കൾ തൃപ്തനും സന്തുഷ്ടനുമാണോ? അപ്പോൾ അവർ തിരിച്ച് കേൾപ്പിച്ചിരുന്നു. ഇതും *ഡ്രാമയനുസരിച്ചാണ്* നടക്കുന്നത്. ചിലപ്പോൾ പറയുകയും ചെയ്യും ഞാൻ ഇന്ന വീട്ടിലാണ് ജന്മമെടുത്തിരിക്കുന്നത്. ഈ സാക്ഷാത്ക്കാരത്തിന്റെ രീതി *ഡ്രാമയിൽ* ഉള്ളതാണ്, അത് ആവർത്തിക്കുന്നു. ബാക്കി ഒരാത്മാവും വരുന്നില്ല. മുൻപ് *ടേബിളിലേക്ക്* പോലും വിളിച്ചിരുന്നു. ബാബയ്ക്ക് എല്ലാ അനുഭവവുമുണ്ട്. ഇപ്പോൾ *ടേബിളിലേക്ക്* ആത്മാവിന് വരാൻ സാധിക്കില്ല. ആര് എന്ത് ചെയ്തോ അത് *ഡ്രാമയിൽ* ഉണ്ടായിരുന്നു, അത് നടന്നു. *ഡ്രാമയെ* എത്ര നല്ലരീതിയിൽ മനസ്സിലാക്കേണ്ടതായുണ്ട്. ഭോഗ് വെയ്ക്കാറുണ്ട്, ആത്മാവിനെ  വിളിക്കാറുണ്ട്. ഇതും *ഡ്രാമയിൽ* അടങ്ങിയിട്ടുള്ളതാണ്. ഇതിൽ സംശയത്തിന്റെ യാതൊരു കാര്യവുമില്ല. പുതിയവർ മനസ്സിലാക്കാത്തതു കാരണം സംശയിക്കുന്നു. ബാബ ഇന്ദ്രജാലക്കാരനുമല്ലേ. ഞാനും *ഡ്രാമയ്ക്ക്* വശംവദനാണെന്ന് മനസ്സിലാക്കി തരുന്നു. *ഡ്രാമയിലില്ലാത്ത* എന്തെങ്കിലും ചെയ്യാൻ സാധിക്കും, അങ്ങനെയില്ല. അതൊരിക്കലും സാധിക്കില്ല. കുട്ടിക്ക് അസുഖം വരുന്നു, ഞാൻ സുഖപ്പെടുത്തും അങ്ങനെയില്ല, *ഓപ്പറേഷൻ* നടത്തുന്നതിൽ നിന്ന് മുക്തമാക്കും, ഇല്ല കർമ്മ കണക്ക്  അനുഭവിക്കുക തന്നെ വേണം. നിങ്ങളുടെ മേൽ ധാരാളം ഭാരമുണ്ട് എന്തുകൊണ്ടെന്നാൽ നിങ്ങൾ എല്ലാവരിലും വെച്ച് പഴയവരാണ്. തമോപ്രധാനത്തിൽ നിന്ന് തീർത്തും തമോപ്രധാനമായിരിക്കുന്നു.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബയെ ലഭിച്ചിട്ടുണ്ടെങ്കിൽ ബാബയിൽ നിന്ന് സമ്പത്തെടുക്കണം. നിങ്ങൾക്കറിയാം കൽപ–കൽപം നമ്മൾ *ഡ്രാമയനുസരിച്ച്* ബാബയിൽ നിന്ന് സമ്പത്തെടുക്കുന്നുണ്ട്. ആര് സൂര്യവംശീ ചന്ദ്രവംശീ കുലത്തിലേതാണോ അവർ അവശ്യം വരും. ആരാണോ ദേവീ–ദേവതയായിരുന്നത് പിന്നീട് ശൂദ്രരായി തീർന്നത് പിന്നീട് അവർ തന്നെ ബ്രാഹ്മണരായി ദൈവീക സമ്പ്രദായികളാകും. ഈ കാര്യങ്ങൾ ബാബയ്ക്കല്ലാതെ മറ്റാർക്കും മനസ്സിലാക്കി തരാൻ സാധിക്കില്ല. ബാബയ്ക്ക് കുട്ടികൾ എത്ര മധുരമുള്ളതായിരിക്കും! പറയുന്നു നിങ്ങൾ എന്റെ കൽപം മുൻപത്തെ അതേ കുട്ടികളാണ്. ഞാൻ കൽപ–കൽപം വന്ന് നിങ്ങളെ പഠിപ്പിക്കുന്നു. എത്ര അദ്ഭുതകരമായ കാര്യങ്ങളാണ്! നിരാകാരനായ ഭഗവാനുവാചാ ശരീരത്തിലൂടെയല്ലേ സംസാരിക്കുക. ശരീരം വേർപെടുകയാണെങ്കിൽ ആത്മാവിന് സംസാരിക്കാൻ സാധിക്കില്ല. ആത്മാവ് വേറിടും. ഇപ്പോൾ ബാബ പറയുന്നു അശരീരിയായി ഭവിക്കൂ. പ്രാണായാമം മുതലായവ ചെയ്യണം അങ്ങനെയല്ല. അതിന്റെ ആവശ്യമില്ല. മനസ്സിലാക്കണം ഞാൻ ആത്മാവ് അവിനാശിയാണ്. എന്റെ ആത്മാവിൽ 84 ജന്മങ്ങളുടെ *പാർട്ട്* അടങ്ങിയിട്ടുണ്ട്. ബാബ സ്വയം  പറയുന്നു എന്റെ ആത്മാവ് എന്ത് *പാർട്ടാണോ* നടത്തുന്നത് ആ എല്ലാ *പാർട്ടും* അടങ്ങിയിട്ടുള്ളതു തന്നെയാണ്. ഭക്തി മാർഗ്ഗത്തിലും ആ *പാർട്ട്* തന്നെയാണ് നടക്കുന്നത്. ഒരാൾ മദ്യം കഴിച്ചിട്ടേയില്ലെങ്കിൽ എങ്ങനെ രുചിയെക്കുറിച്ച് അറിയാൻ സാധിക്കും. ജ്ഞാനവും എപ്പോഴാണോ എടുക്കുന്നത് അപ്പോഴേ അറിയാൻ കഴിയൂ. ജ്ഞാനത്തിലൂടെ സദ്ഗതി ഉണ്ടാകുന്നു. ബാബ പറയുന്നു ഞാൻ സർവ്വരുടെയും സദ്ഗതി ദാതാവാണ്. സർവ്വോദയ *ലീഡേഴ്സില്ലേ*. എത്ര വിഭാഗത്തിലുള്ളവരാണ് ഉള്ളത്! വാസ്തവത്തിൽ സർവ്വരിലും ദയ കാണിക്കുന്നത് ബാബയല്ലേ. എല്ലാവരും പറയുന്നുണ്ട് അല്ലയോ ഭഗവാൻ, ദയ കാണിക്കൂ. അതുകൊണ്ട് എല്ലാവരിലും ദയ കാണിക്കുന്നത് ബാബയാണ്. ബാക്കി എല്ലാവരും സ്വന്തം ദയ നോക്കുന്നവരാണ്. ബാബ മുഴുവൻ ലോകത്തെയും സതോപ്രധാനമാക്കുന്നു. അതിൽ തത്വവും ഉൾപ്പെടുന്നു. ഈ കർത്തവ്യം ഒരേഒരു പരമാത്മാവിന്റേത് മാത്രമാണ്. അപ്പോൾ സർവ്വോദയയുടെ അർത്ഥം എത്ര വലുതാണ്, തീർത്തും എല്ലാവരിലും തന്നെ ദയ കാണിക്കുന്നു. സ്വർഗ്ഗത്തിന്റെ സ്ഥാപനയിൽ ആരും ദുഃഖിയായി മാറുന്നില്ല. അവിടെ *നമ്പർവൺ ഫർണിച്ചറും*, വൈഭവങ്ങളും ലഭിക്കുന്നു. ദുഃഖം നൽകുന്ന മൃഗങ്ങൾ, ഈച്ച, കൊതുക് മുതലായവയൊന്നും ഉണ്ടായിരിക്കില്ല. ഇവിടെയും വലിയ ആളുകളുടെ വീട്ടിൽ എത്ര വൃത്തി ഉണ്ടായിരിക്കും! ഒരിക്കലും നിങ്ങൾ ഈച്ചയെ കാണില്ല. ഒരീച്ചക്കും കടന്ന് കയറാൻ സാധിക്കില്ല. സ്വർഗ്ഗത്തിൽ ഇങ്ങനെ മലിനമാക്കി മാറ്റുന്ന ഒന്നും തന്നെ ഉണ്ടാകുന്നതിനുള്ള ശക്തി ഒന്നിനും ഉണ്ടായിരിക്കില്ല. സാധ്യവുമല്ല. പ്രകൃതിയിലെ പുഷ്പങ്ങൾ മുതലായവയുടെ സുഗന്ധമുണ്ടായിരിക്കും. നിങ്ങളെ സൂക്ഷ്മവതനത്തിൽ ശിവബാബ പഴച്ചാറും കുടിപ്പിക്കാറുണ്ട്. സൂക്ഷ്മവതനത്തിൽ യഥാർത്ഥത്തിൽ ഒന്നും തന്നെയില്ല. ഇതെല്ലാം സാക്ഷാത്ക്കാരമാണ്. ഇവിടെ ഇരുന്നുകൊണ്ട് നിങ്ങൾ എല്ലാ സാക്ഷാത്ക്കാരവും ചെയ്യുന്നു. ഗീതവും വളരെ *ഫസ്റ്റ്ക്ലാസ്സാണ്*. നിങ്ങൾക്കറിയാം നമുക്ക് ബാബയെ ലഭിച്ചിരിക്കുകയാണ് പിന്നെന്താണ് വേണ്ടത്! പരിധിയില്ലാത്ത ബാബയിൽ നിന്ന് പരിധിയില്ലാത്ത സമ്പത്തെടുക്കുന്നുവെങ്കിൽ ബാബയെ ഓർമ്മിക്കണം. ബാബയുടെ നിർദ്ദേശം പ്രസിദ്ധമാണ്. ശ്രീമതത്തിലൂടെ നമ്മൾ ശ്രേഷ്ഠരിലും ശ്രേഷ്ഠരായി മാറും.

സന്യാസി ഇത് കാകവിഷ്ട സമാന സുഖമാണെന്ന് പറയാറുണ്ട്. എന്നാൽ അവർക്ക് സത്യയുഗത്തിൽ

സദാ സുഖമായിരുന്നു എന്ന കാര്യം അറിയില്ല. കുട്ടിക്കാലത്ത് രാധയും-കൃഷ്ണനുമാണ്, ഇവരുടെ ചരിത്രം ഒന്നും തന്നെയില്ല. സ്വർഗ്ഗത്തിലെ കുട്ടികൾ എല്ലാവരും തന്നെ നല്ലതാണ്. മുരളിയൂതി നൃത്തമെല്ലാം ചെയ്തിട്ടുണ്ടായിരിക്കും. ബാക്കി ജ്ഞാനം കേൾപ്പിക്കില്ല. ശ്രീകൃഷ്ണന് മുരളി നൽകിയിട്ടുണ്ട് അപ്പോൾ സരസ്വതി എവിടെപ്പോയി. സരസ്വതിക്ക് വീണയാണ് നൽകുന്നത് എങ്കിൽ വലുത് സരസ്വതിയല്ലേ! ഇതെല്ലാമാണ് ഭക്തി മാർഗ്ഗം, പാവക്കളിയാണ്. ദേവീ-ദേവതകളുടെ മൂർത്തിയുണ്ടാക്കി, പൂജ മുതലായവ നടത്തി പിന്നീട് മുക്കി കളയുന്നു. ഇതിൽ നിങ്ങളുടെ ഒരു പാട്ടും ഉണ്ടാക്കിയിട്ടുണ്ട്, ഇതിനെയാണ് അന്ധവിശ്വാസം എന്ന് പറയുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1) ഓരോരുത്തരും ഈ *ഡ്രാമയ്ക്ക്* വശംവദരാണ്, ഈ നാടകത്തിന്റെ ഒരു ദൃശ്യത്തെയും കണ്ട് സംശയം ഉന്നയിക്കരുത്. *ഡ്രാമയുടെ* ഓരോ രഹസ്യത്തെയും നല്ല രീതിയിൽ മനസ്സിലാക്കി അചഞ്ചലരായിരിക്കണം.

2) സ്വയത്തെ അവിനാശീ ആത്മാവെന്ന് മനസ്സിലാക്കി ഈ ശരീരത്തിൽ നിന്ന് വേറിട്ട് അശരീരിയാകുന്നതിന്റെ അഭ്യാസം ചെയ്യണം.

## വരദാനം:- ചെയ്യിപ്പിക്കുന്നവൻ എന്ന സ്മൃതിയിലൂടെ ഏറ്റവും വലിയ കാര്യത്തെ സഹജമാക്കി മാറ്റുന്ന നിമിത്തമായി ചെയ്യുന്നവരായി ഭവിക്കട്ടെ

ബാപ്ദാദ സ്ഥാപനയുടെ ഏറ്റവും വലിയ കാര്യം സ്വയം ചെയ്യിപ്പിക്കുന്നവനായി മാറി നിമിത്തമായ ചെയ്യുന്ന കുട്ടികൾ മുഖേന ചെയ്യിപ്പിച്ചുകൊണ്ടിരിക്കുന്നു. ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനും- ഈ വാക്കിൽ ബാബയും കുട്ടികളും രണ്ടും കമ്പൈന്റാണ്. കൈകൾ കുട്ടികളുടേതും ജോലി ബാബയുടേതും. നിമിത്തമാകാനുള്ള സുവർണ്ണാവസരം കുട്ടികൾക്ക് തന്നെയാണ് ലഭിച്ചിരിക്കുന്നത്. പക്ഷെ അനുഭവം ചെയ്യുന്നത് ഇത് തന്നെയാണ് അതായത് ചെയ്യുന്നവൻ ചെയ്യിപ്പിച്ചുകൊണ്ടിരിക്കുന്നു, നിമിത്തമായി നടത്തിച്ചുകൊണ്ടിരിക്കുന്നു. ഓരോ കർമ്മത്തിലും ചെയ്യിപ്പിക്കുന്നവന്റെ രൂപത്തിൽ കൂട്ടുകാരനാണ്.

## സ്ലോഗൻ:- ജ്ഞാനീതൂ ആത്മാ അവരാണ് ആരാണോ പരാതിപ്പെടുന്നതിന് പകരം സദാ സംതൃപ്തരായിരിക്കുന്നത്.